# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1403** **02.03.2017-ൽ മറുപടിയ്ക്ക്**

## നീലവിപ്ലവ പദ്ധതി

| ചോദ്യം<br>ശ്രീ.ഇ.കെ. വിജയൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) നീലവിപ്ലവ പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ; | എ) 2016 -17 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ നീല വിപ്ലവ പദ്ധതിയിൽ കേരള സംസ്ഥാനത്തിനായി താഴെ പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>(1) ഭവന നിർമ്മാണ പദ്ധതി<br>(2) സമുദ്രജല കൂടുകൃഷി<br>(3) ഫിഷ് മാർക്കറ്റ്<br>(4) ഓരുജല മത്സ്യകൃഷി<br>(5) ടാങ്കുകളുടെയും കുളങ്ങളുടെയും നിർമ്മാണം<br>(6) ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം<br>(7) പരിശീലന പരിപാടി<br><br>ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭവന നിർമ്മാണ പദ്ധതി .തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കി വരുന്നു.<br><br>സമുദ്രജല കൂടുകൃഷി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വികരിച്ചു വരുന്നു.<br><br>ഉൾനാടൻ മത്സ്യകൃഷി വികസനം, പരിശീലന പരിപാടി എന്നിവ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കി വരുന്നു.<br><br>ബ്ലൂ റെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ കരിക്കോട് ആധുനിക ഫിഷ് |

മാർക്കറ്റ് തുടങ്ങുന്നതിനുളള നടപടി സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) ദേശീയ മത്സ്യവികസന ബോർഡിന്റെ അംഗീകാരം എത്ര മാർക്കറ്റിന് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | ബി) 2016-17 സാമ്പത്തിക വർഷം നീല വിപ്ലവ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിൽ കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ കരിക്കോട് പ്രദേശത്ത് 356 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചു.<br><br>സംസ്ഥാനത്ത് 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യവികസന ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 39 മത്സ്യമാർക്കറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 34 എണ്ണം പൂർത്തീകരിക്കുകയും 3 എണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലുമാണ്. 2 മാർക്കറ്റുകളുടെ നിർമ്മാണം ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ ഉപേക്ഷിച്ചു |

**സെക്ഷൻ ആഫീസർ**